**File No.DT/170/2020-G2**

"ഭരണഭാഷ – മാതൃഭാഷ"
വ്യാവസായിക പരിശീലനവകുപ്പ്
(കേരളസംസ്ഥാനം)

തൊഴിൽ ഭവൻ,
തിരുവനന്തപുരം
തീയതി: 17/01/2020

നമ്പർ: DT/170/2020-G2

**ചുറ്ററിയിപ്പ്**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ജൂലൈ 2019 ( ഒന്ന് , രണ്ട്, മൂന്ന് , നാല് & വാർഷികം) – റീ-കൗണ്ടിംഗിന് അപേക്ഷ ക്ഷണിക്കുന്നത്-സംബന്ധിച്ച് .

2019 ജൂലൈ മാസം നടന്ന അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിൽ (ഒന്ന് , രണ്ട്, മൂന്ന് , നാല് & വാർഷികം) പങ്കെടുത്ത ട്രെയിനികൾക്ക് എഴുത്തു പരീക്ഷയിൽ ലഭിച്ചിട്ടുള്ള മാർക്കിന്മേൽ (എഞ്ചിനീയറിങ് ഡ്രോയിങ്) റീ-കൗണ്ടിംഗ് വേണമെന്നുണ്ടെങ്കിൽ ആയതിലേയ്ക്കായി നിർദ്ദിഷ്ട ഫാറത്തിൽ അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷ ഫാറത്തിന്റെ മാതൃക ഇതോടൊപ്പം ചേർക്കുന്നു. പൂരിപ്പിച്ച അപേക്ഷ ഒറിജിനിൽ ചെലാൻ സഹിതം **24-01-2020** ന് മുൻപ് ബന്ധപ്പെട്ട ഐ .ടി.ഐ പ്രിൻസിപ്പാൾക്ക് നൽകേണ്ടതാണ്. പ്രിൻസിപ്പാൾമാർ പ്രസ്തുത അപേക്ഷ **29-01-2020,** 3 പി.എം-ന് മുമ്പായി ട്രെയിനിംഗ് ഡയറക്ടറേറ്റിൽ എത്തിച്ചിരിക്കണം. തോറ്റ പേപ്പർ റീ കൗണ്ട് ചെയ്യുന്നതിന് 30 രൂപയും, വിജയിച്ച പേപ്പർ റീ കൗണ്ട് ചെയ്യുന്നതിന് 60 രൂപയും '0230-എൽ & ഇ-00-800-അദർ റസീപ്റ്റ്സ്-88-അദർ ഐറ്റംസ്' എന്ന ശീർഷകത്തിൽ ഫീസിനത്തിൽ ഒടുക്കേണ്ടത്. മതിയായ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ലാത്തതോ, ഒറിജിനൽ ചെലാൻ ഉൾക്കൊള്ളിച്ചിട്ടില്ലാത്തതോ, അവസാന തീയതിക്കുശേഷം ലഭിക്കുന്നതോ ആയ അപേക്ഷകൾ ഒരു കാരണവശാലും റീ-കൗണ്ടിംഗിന് പരിഗണിക്കുന്നതല്ല.

റീ-കൗണ്ടിംഗിനുശേഷം അപേക്ഷകരായ ട്രെയിനിയുടെ റിസൽട്ടിൽ മാറ്റമുണ്ടായിട്ടുണ്ടെങ്കിൽ മാത്രം പ്രസ്തുത വിവരം ട്രെയിനിയെ അറിയിക്കുന്നതാണ്. റീ-കൗണ്ടിംഗ് റിസൽട്ട് ലഭിക്കുന്നതിന് കാലതാമസം നേരിട്ടാൽ ആയത് ജനുവരി 2020 – ൽ നടക്കുന്ന അഖിലേന്ത്യ ട്രേഡ് ടെസ്റ്റിന് അപേക്ഷിക്കാതിരിക്കുന്നതിന് കാരണമാക്കാവുന്നതല്ല.

**ട്രെയിനിംഗ് ഡയറക്ടർക്ക വേണ്ടി**

എല്ലാ ഗവ./പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും

പകർപ്പ്:- )വകുപ്പ് വെബ്സൈറ്റിലേക്ക്

# അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ജൂലൈ 2019
## റീ-കൗണ്ടിംഗിന് അപേക്ഷിക്കുന്നതിനുള്ള ഫോറം

1. അപേക്ഷകന്റെ പേരും തപാൽ വിലാസവും (പിൻകോഡ് സഹിതം) :
2. ട്രേഡ് :
3. റോൾ നമ്പർ :
4. സർക്കാർ ഐ.ടി.ഐ./ പ്രൈവറ്റ് ഐ.ടി.ഐ.യുടെ പേര് :
5. സെമെസ്റ്റർ :
6. റീ-കൗണ്ടിംഗിന് അപേക്ഷിക്കുന്ന വിഷയം/വിഷയങ്ങൾ : 1.
   2.
7. റീ-കൗണ്ടിംഗിന് അപേക്ഷിക്കുന്ന വിഷയത്തിന് സെഷണൽ ഒഴികെ ഇപ്പോൾ ലഭിച്ചിട്ടുള്ള മാർക്ക് : 1.
   : 2.
   : 3.
8. ഈ പരീക്ഷയിൽ ജയിച്ചോ/തോറ്റോ
9. റീ-കൗണ്ടിംഗിനായി ഫീസ് ഒടുക്കിയതിന്റെ വിശദവിവരം

   ചെലാൻ നമ്പർ :
   തീയതി :
   തുക :
   ട്രഷറിയുടെ പേര് :
10. അപേക്ഷകൻ പ്രൈവറ്റ് കാൻഡിഡേറ്റ് ആണോ (എങ്കിൽ അപേക്ഷ സ്വീകരിച്ച പ്രിൻസിപ്പാളിന്റെ ഒപ്പ് രേഖപ്പെടുത്തുക) :

### പ്രതിജ്ഞ

മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ ശരിയാണെന്ന് ഇതിനാൽ പ്രതിജ്ഞ ചെയ്യുന്നു. അപേക്ഷയിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണമോ, അപേക്ഷ നൽകിയിട്ടുള്ളത് നിർദ്ദേശങ്ങൾക്ക് അനുസൃതമോ അല്ലെങ്കിൽ ഈ അപേക്ഷ നിരസിക്കുന്നതിന് എനിക്ക് സമ്മതമാണ്.

അപേക്ഷകന്റെ ഒപ്പ്

### പ്രതിജ്ഞ

..................................................എന്ന ട്രെയിനി ജൂലൈ 2019 ......................സെമസ്റ്ററിൽ അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിൽ.....................................ഗവ/പ്രൈവറ്റ് ഐ.റ്റി.ഐ യിൽ നിന്നും .......................................................................ട്രേഡിൽ പരീക്ഷ എഴുതിയ ട്രെയിനിയാണ്. ടി ട്രെയിനിയുടെ മേൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ഗവ./പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാർ

സ്ഥലം :
തീയതി :